# എഫ്.ഒ.എച്ച്.എസ്.എസ് പടിഞ്ഞാറ്റുമുറി

FOHSS Padinhattummuri


FAZFARI ORPHANAGE
HIGHER SECONDARY SCHOOL
PLASTIC FREE ZONE

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിനും കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

അധ്യാപകരുടെ കൂട്ടായ ശ്രമവും നവീന അധ്യാപനരീതികളും വഴിവെച്ച് പഠനത്തിൽ മികച്ച പുരോഗതി കൈവരിക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം.

ഈ പദ്ധതിയുടെ പ്രാവർത്തികവത്കരണത്തിലൂടെ സ്കൂൾ സമൂഹം മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പഠനസമൂഹമായി വളരട്ടെ

# **ലക്ഷ്യങ്ങൾ**

- വളർന്നുവരുന്ന തലമുറയെ ലഹരിക്കെതിരെ പൊരുതാൻ പ്രാപ്തരാക്കുക
- മാനസികാരോഗ്യ ത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവാന്മാരാക്കുക.
- മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- നൈപുണ്യ വികസന പരിശീലനങ്ങൾ ലഭ്യമാക്കുക.
- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് യുവതലമുറയെ ബോധവാന്മാരാക്കുക ബോധവാന്മാരാക്കുക.
- പഠനമികവ് – എല്ലാ വിഷയങ്ങളിലും അറിവും മനസ്സിലാക്കലും മെച്ചപ്പെടുത്തുക.
- വായനാശീലം – പാഠപുസ്തകത്തിനപ്പുറം വായനയിലൂടെയും വിജ്ഞാനം വികസിപ്പിക്കുക.
- നവീനപഠനം – ICT, പ്രായോഗിക പ്രവർത്തനങ്ങൾ, പ്രോജക്റ്റുകൾ എന്നിവ ഉൾപ്പെടുത്തി പഠനം സജീവമാക്കുക.
- ഭാഷാകൗശലം – മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ സംസാരിക്കുകയും എഴുതുകയും ചെയ്യുന്ന കഴിവ് വളർത്തുക.
- ഗണിതനൈപുണ്യം – പ്രശ്നപരിഹാരശേഷിയും ലാജിക്കൽ ചിന്തയും വളർത്തുക.

- ശാസ്ത്രീയ സമീപനം – പരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധം ഉറപ്പാക്കുക.
- സാമൂഹികബോധം – സഹജീവിത മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാർത്ഥികളെ വളർത്തുക.
- സൃഷ്ടിപരത – കല, സാഹിത്യം, കായികം മുതലായ മേഖലകളിൽ സൃഷ്ടിശേഷി പ്രകടിപ്പിക്കാൻ അവസരം നൽകുക.
- നൈതികമൂല്യങ്ങൾ – സത്യസന്ധത, ഉത്തരവാദിത്വം, ശീലങ്ങൾ എന്നിവ വളർത്തുക.
- പരീക്ഷാഫലം മെച്ചപ്പെടുത്തൽ – വർഷാന്ത്യവും പൊതു പരീക്ഷയുമെല്ലാം ലക്ഷ്യംവെച്ച് തയ്യാറെടുപ്പുകൾ ശക്തമാക്കുക.
- psc, സിവിൽ സർവീസ്, കരിയർ ഓറിയന്റേഷൻ
- ഇൻസ്റ്റിറ്റ്യൂഷണൽ വിസിറ്റ്
- സ്കോളർഷിപ്പ്
- ഡിജിറ്റൽ മാഗസിൻ
- സ്കിൽ ഡെവലപ്മെന്റ്
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
- മാസാന്ത യോഗം
- നിയമാവലികൾ

# വിദ്യാലയ ചരിത്രം

കേരളത്തിനകത്തും പുറത്തുമുള്ള അനാഥരും അഗതികളുമായി പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹത്തെ ഭൗതികവും, മതപരവുമായ വിദ്യാഭ്യാസം നൽകി വളർത്തിയെടുത്ത പടിഞ്ഞാറ്റുംമുറി എം.എ.എഫ്.എം ഓർഫനേജിന് കീഴിൽ സ്ഥാപിക്കപ്പെട്ട, മലപ്പുറം ജില്ലയുടെ വിഹായസ്സിൽ ഒരു നക്ഷത്രം കണക്കെ തിളങ്ങി നിൽക്കുന്ന മഹോന്നത സ്ഥാപനമാണ് ഫസ്ഫരി ഓർഫനേജ് ഹയർ സെക്കണ്ടറി സ്കൂൾ പടിഞ്ഞാറ്റുംമുറി.

ഒരു പുരുഷായുസ്സ് മുഴുവനും ഉന്നത വിദ്യാഭ്യാസ പ്രചരണത്തിനും സമുദായ സേവനത്തിനുമായി അർപ്പിച്ച സമുന്നതനായ ഒരു മഹാ പണ്ഡിതമായിരുന്നു മർഹൂം മൗലാനാ അബ്ദുറഹ്മാൻ ഫസ്ഫരി എന്ന കുട്ടി മുസ്‌ലിയാർ (മലപ്പുറം ജില്ലയിലെ പ്രസിദ്ധമായ ഒരു മുസ്‌ലിം കേന്ദ്രമാണ് കടലുണ്ടി പുഴയുടെ തീരപ്രദേശമായ പള്ളിപ്പുറം. മലപ്പുറം ജില്ലയിൽ മുസ്‌ലിംകൾ ആദ്യ കാലത്തു തന്നെ അധിവസിച്ച പ്രദേശങ്ങളിലൊന്നാണിത്. പള്ളിപ്പുറം എന്നതിന്റെ അറബി മൊഴി മാറ്റമാണ് ഫള്ഫർ. പള്ളിപ്പുറം സ്വദേശി എന്ന അർത്ഥത്തിൽ ഫള്ഫരി/ഫസ്ഫരി എന്ന് പറയുന്നു. ആദ്യ കാലത്ത് പടിഞ്ഞാറ്റുംമുറി എന്നത് പള്ളിപ്പുറത്തിന്റെ ഒരു ഭാഗമായാണ് അറിയപ്പെട്ടിരുന്നത്. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ

ഇസ്ലാംമത വിദ്യാഭ്യാസ കേന്ദ്രമായ തമിഴ്നാട്ടിലെ വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്ത് അറബിക് കോളേജിന്റെ പ്രിൻസിപ്പലായിരിക്കെ 1974 ൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ പാവനസ്മരണ നിലനിർത്തുന്നതിനായി അദ്ദേഹത്തിന്റെ ജന്മ നാടായ പടിഞ്ഞാറ്റുംമുറിയിൽ വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രങ്ങളുടെ ഒരു സമുച്ചയം സ്ഥാപിക്കണമെന്ന് അദ്ദേഹത്തിന്റെ ശിഷ്യൻമാർ തീരുമാനിച്ചു. പ്രഥമ സ്ഥാപനമെന്ന നിലയിൽ 1975 ൽ അനാഥ മക്കളുടെ ഉയർച്ചക്കായി **മൗലാനാ അബ്ദുറഹ്മാൻ ഫസ്ഫരി മെമ്മോറിയൽ ഓർഫനേജ് (MAFM ORPHANAGE)** സ്ഥാപിതമായി. ഇതിൽ നേതൃത്വപരമായ പങ്കുവഹിച്ചത് അദ്ദേഹത്തിന്റെ പുത്രൻ മുഹമ്മദ് സാലിം മൗലവിയായിരുന്നു. യത്തീംഖാനയുടെ സ്ഥാപക ജനറൽ സെക്രട്ടറി അദ്ദേഹമായിരുന്നു.തുടർന്ന് അനാഥ ശാലക്ക് കീഴിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉദയം ചെയ്തു. 2008 ൽ ഇഹലോകവാസം വെടിയുന്നത് വരെ എല്ലാ സ്ഥാപനങ്ങളുടെയും മാനേജർ സാലിം മൗലവിയായിരുന്നു.

ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിദ്യാർത്ഥികളുടെ ബൗദ്ധിക, സൃഷ്ടിപര, സാമൂഹിക വളർച്ച ലക്ഷ്യമാക്കി **FOHSS** പടിഞ്ഞാറ്റുമുറിയിൽ രൂപപ്പെടുത്തിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. അധ്യാപകരുടെ കൂട്ടായ പരിശ്രമത്താൽ തയ്യാറാക്കിയ ഈ പദ്ധതിയിലൂടെ പഠനനിലവാരം ഉയർത്തുന്നതിനൊപ്പം, ഗുണനിലവാര വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് പ്രധാന ഉദ്ദേശ്യം. എല്ലാ വിഷയങ്ങളിലും നവീന അധ്യാപനരീതികൾ, ക്ലബ് പ്രവർത്തനങ്ങൾ, പ്രായോഗിക അനുഭവങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ സമഗ്രവികസനം സാധ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**മേഖല : അക്കാദമിക്** **ഉപമേഖല : ലാംഗേജ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
|---|---|---|---|---|
| 1)ഭാഷാശേഷി വികസനം | *ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് *അക്ഷരം ഉറപ്പിക്കൽ *വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ | രണ്ടുമാസം ആഗസ്റ്റ് സെപ്റ്റംബർ | പുസ്തകങ്ങൾ | അധ്യാപക ർ |
| 2)വായനാശേഷി വർദ്ധിപ്പിക്കൽ | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ *പുസ്തക ചർച്ച | ആറുമാസം | പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണ ങ്ങൾ | അധ്യാപക ർ |

| | | | | |
|---|---|---|---|---|
| | *ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | |
| 3)ദിനാചരണങ്ങൾ | വായനാദിനം, ബഷീർ ദിനം, കേരളപ്പിറവി ദിനം, ഒ എൻ വി അനുസ്മരണം തുടങ്ങി ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | നിശ്ചിത ദിവസങ്ങളിൽ | | ഓഡിയോ വീഡിയോ ഫോട്ടോകൾ |
| 4)പത്രവായന പരിപോഷിപ്പിക്കുക | ക്ലാസ്സിൽ രാവിലെ ഭർത്താവായന സംഘടിപ്പിക്കുക, | ദിവസേന ആഴ്ചയിൽ ഒരു ദിവസം | പത്രം | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പത്ര ക്വിസ് | | | |
| 5)കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തക ചർച്ച പതിപ്പ് തയ്യാറാക്കൽ | കാലം-6 മാസം | ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ |

**മേഖല : അക്കാദമിക്** **ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ വായന ,കവിതാ വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ | പുസ്തകങ്ങൾ | ഹിന്ദി അധ്യാപകർ |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിതകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂലായ് | വീഡിയോ | ഹിന്ദി അധ്യാപകർ |
| 3) വിവർത്തകർ വാർത്ത വായനക്കാർ ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ | ആഗസ്ത് മുതൽ | പുസ്തകങ്ങൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| കുട്ടികളെ<br>പ്രാപ്തരാക്കുക | സംഘടിപ്പിക്കുക.<br>പ്രശസ്ത<br>ജോണലിസ്റ്റകളുമായുള്ള<br>അഭിമുഖം<br>സംഘടിപ്പിക്കുക | | | |

**മേഖല : അക്കാദമിക്** **ഉപമേഖല : അറബിക്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
|---|---|---|---|---|
| 1) വിദ്യാർത്ഥികളിൽ അറബിക് വായന, എഴുത്ത്, സംസാരശേഷി എന്നിവ വളർത്തുക. | വായനാ പരിശീലനം (Reading Practice)• ഉച്ചാരണം അഭ്യാസം (Pronunciation Drills)• സംവാദ അഭ്യാസം (Conversation Practice)• വായനയും എഴുത്തും ഉൾപ്പെടുത്തിയ ഗ്രൂപ്പ് ആക്ടിവിറ്റികൾ | വർഷം മുഴുവനും | | അധ്യാപകർ |
| 2)അറബിക് വാക്കശേഖരം വികസിപ്പിക്കുക | • പുതിയ വാക്കുകളുടെ ദിനം (Word of the Day)• വാക്ക് | | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | കാർഡുകൾ തയ്യാറാക്കൽവാക്ക് ഗെയിംസ് / ക്വിസ് മത്സരങ്ങൾവാക്കുപ്രയോഗ അഭ്യാസങ്ങൾ (Sentence Formation) | | | |
| 3)ഖുർആനികവും സാഹിത്യപരവുമായ അറബിക് പരിജ്ഞാനം വർധിപ്പിക്കുക | ഖുർആനിലെ വചനങ്ങൾ വായിച്ചറിയൽഅറബിക് കവിത / സാഹിത്യ പാഠങ്ങൾ വായിച്ചു മനസ്സിലാക്കൽസാഹിത്യ ചർച്ചകൾ (Literary Discussionകവിതാ വായനാ മത്സരം സംഘടിപ്പിക്കൽ | വർഷം മുഴുവനും | | അധ്യാപകർ |
| 4)അറബിക് ഭാഷയോടുള്ള അഭിരുചിയും ആത്മവിശ്വാസവും വളർത്തുക. | • പ്രസംഗ മത്സരം (Arabic Speech Competitionകഥ പറയൽ മത്സരം (Story Tellingനാടകം / ഡയലോഗ് അവതരണംഭാഷാവാരാചരണം സംഘടിപ്പിക്കൽ | | | |

| | | | | |
|---|---|---|---|---|
| 5)അറബിക് സംസ്കാരവും പൈതൃകവും പരിചയപ്പെടുത്തുക. • അറബിക് ദിനാചരണം | സംസ്കാര പ്രദർശനം (Cultural Exhibitionഅറബിക് കലിഗ്രാഫി മത്സരംഅറബ് ലോകത്തെ പ്രധാന പണ്ഡിതരെ പരിചയപ്പെടുത്തുന്ന പ്രദർശനം | വർഷം മുഴുവനും | | അധ്യാപകർ |
| 6)ICT അടിസ്ഥാനത്തിൽ അറബിക് പഠനരീതികൾ പ്രാവർത്തികമാക്കുക. | Smart Class പ്രദർശനങ്ങൾ<br>• Arabic learning ആപ്പുകൾ / ഓൺലൈൻ ടൂൾസ് ഉപയോഗം<br>• ഡിജിറ്റൽ പോസ്റ്റർ / Presentation തയ്യാറാക്കൽ<br>• വീഡിയോ പാഠങ്ങൾ (Interactive Video Lessons) | | | അധ്യാപകർ |

**മേഖല : അക്കാദമിക്** **ഉപമേഖല : ഉർദു**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) വിദ്യാർത്ഥികളിൽ ഉർദു വായന, എഴുത്ത്, സംസാരശേഷി എന്നിവ വികസിപ്പിക്കുക. | വായനാ പരിശീലനം (Reading Practice)• ഡിക്ടേഷൻ ക്ലാസ്• സംവാദ അഭ്യാസം (Conversation Practice)• ഉർദു വായനാ മത്സരം സംഘടിപ്പിക്കൽ | വർഷം മുഴുവനും | | അധ്യാപകർ |
| 2) വാക്കശേഖരം (Vocabulary) സമ്പുഷ്ടമാക്കുക | പുതിയ വാക്കുകളുടെ ദിനം (“Word of the Day”) പരിപാടി• വാക്ക് കാർഡുകൾ തയ്യാറാക്കൽ• വാക്ക് തിരിച്ചറിയൽ ഗെയിംസ്• വാക്കുപ്രയോഗ അഭ്യാസങ്ങൾ | വർഷം മുഴുവനും | | അധ്യാപകർ |
| 3) സാഹിത്യരുചിയും വായനാശീലവും വളർത്തുക. | ഉർദു സാഹിത്യ ദിനം ആചരിക്കൽ• കഥാ വായനയും ചർച്ചയും• കവിത വായന/അവതരണം• ഉർദു | വർഷം മുഴുവനും | | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | സാഹിത്യ ക്ലബ് പ്രവർത്തനം ആരംഭിക്കൽ | | | |
| 4)വിദ്യാർത്ഥികളിൽ സൃഷ്ടിപരതയും സ്വതന്ത്രമായ ആശയവിനിമയവും വളർത്തുക | കവിതാ രചനാ മത്സരം• കഥാരചന/സൃഷ്ടിപ്രവർത്തനം• നാടകം അവതരിപ്പിക്കൽ• ഉർദു പ്രസംഗമത്സരം സംഘടിപ്പിക്കൽ | വർഷം മുഴുവനും | | അധ്യാപകർ |
| 5) ഉർദു ഭാഷയുടെ സാംസ്കാരിക പൈതൃകം പരിചയപ്പെടുത്തുക | ഉർദു ദിനാചരണം (Urdu Day Celebration)• സംസ്കാര പ്രദർശനം (Cultural Exhibition)• ഉർദു സംഗീതം/സാഹിത്യവുമായി ബന്ധപ്പെട്ട പ്രോഗ്രാമുകൾ• ചരിത്രപ്രസിദ്ധരായ ഉർദു സാഹിത്യകാരരെ കുറിച്ച് അവതരണം | | | അധ്യാപകർ |
| 6) ICT അധിഷ്ഠിത പഠനരീതികൾ വഴി പഠനം ആകർഷകമാക്കുക. | Smart Class പ്രദർശനങ്ങൾ• Urdu learning ആപ്പുകളുടെ ഉപയോഗം• ഡിജിറ്റൽ പോസ്റ്റർ / PowerPoint Presentation തയ്യാറാക്കൽ• | | | |

| | | | | |
|---|---|---|---|---|
| | ഓൺലൈൻ കവിതാവായന വീഡിയോ പ്രദർശനം | | | |
| 7) വിദ്യാർത്ഥികളുടെ ഭാഷാപ്രാവീണ്യ പുരോഗതി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക. | • മാസാന്ത മൂല്യനിർണ്ണയം (Monthly Assessment)• വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾപോർട്ട്ഫോളിയോ തയ്യാറാക്കൽ Self Assessment പ്രവർത്തനങ്ങൾ നടത്തൽ | | | |

**മേഖല : അക്കാദമിക്** **ഉപമേഖല : സയൻസ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
|---|---|---|---|---|
| 1)ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര യാത്രകൾ ശാസ്ത്ര പ്രദർശനങ്ങൾ കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശനം ആവാസ വ്യവസ്ഥകൾ നിരീക്ഷണം | വർഷത്തിലൊരിക്കൽ | | അധ്യാപകർ |
| 2) കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | ചെടികൾ നട്ടുപിടിപ്പിക്കൽ പച്ചക്കറിത്തോട്ട നിർമ്മാണം നട്ട തൈകൾ പരിപാലിക്കൽ | ദീർഘകാലം | | സയൻസ് ക്ലാസ് |

| | | | | |
|---|---|---|---|---|
| 3) ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യ പരിശോധന | വർഷത്തിലൊരിക്കൽ | | അധ്യാപകർ പിടിഎ |
| 4) ശാസ്ത്രലാസജ്ജീകരിക്കൽ | സയൻസലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ | വർഷത്തിലൊരിക്കൽ | | സയൻസ് ക്ലാസ് |
| 5) കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ | ബോധവൽക്കരണ ക്ലാസ് | വർഷത്തിലൊരിക്കൽ | | അധ്യാപകർ |
| 6) ശാസ്ത്രമേള | സ്കൂൾ സബ്ജില്ലാതല ശാസ്ത്രമേളയിൽ കുട്ടികളെ തയ്യാറാക്കൽ | വർഷത്തിലൊരിക്കൽ | | അധ്യാപകർ |
| 7) ദിനാചരണങ്ങൾ | ഓരോ മാസത്തെയും പ്രത്യേക ദിവസങ്ങൾ പ്രാധാന്യമനുസരിച്ച് കുട്ടികളുടെ പങ്കാളിത്തം ഉറപ്പിച്ച് | | | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ നടത്തുന്നു<br>***ജൂൺ 5 പരിസ്ഥിതി ദിനം***<br>വൃക്ഷത്തൈ നടൽ നട്ട തൈകൾ പരിപാലിക്കൽ<br>പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് ക്വിസ് മത്സരം നടത്തൽ<br>***ജൂൺ 14 ലോക രക്തദാന ദിനം***<br>**ബോധവൽക്കരണ പ്രവർത്തനങ്ങൾ**<br>**വീഡിയോ പ്രദർശനം**<br>***ആഗസ്റ്റ് 13 ലോക അവയവദാന ദിനം***<br>**അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകുക** | | | |

| | | | | |
|---|---|---|---|---|
| | *ആഗസ്റ്റ് 20 ലോക കൊതുക ദിനാചരണം* ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനം വൈദ്യ വൈവിധ്യമാർന്ന ഭക്ഷ്യവിഭവമേള നടത്തുക *നവംബർ 12 ദേശീയ പക്ഷി നിരീക്ഷണ ദിനം* പക്ഷി നിരീക്ഷണം വീഡിയോ പ്രദർശനം *ഡിസംബർ 1 ലോക എയ്ഡ്സ് ദിനം* എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് *ഡിസംബർ 5 ലോക മണ്ണ് ദിനം* വ്യത്യസ്തതരം മണ്ണിനങ്ങൾ പരിചയപ്പെടുത്തൽ | | | |

| | | | | |
|---|---|---|---|---|
| | *ഫെബ്രുവരി4 ലോക ക്യാൻസർ ദിനം*<br>ക്യാൻസർ അവബോധം ക്ലാസ് | | | |

**മേഖല : അക്കാദമിക്** **ഉപമേഖല : സാമൂഹ്യശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
|---|---|---|---|---|
| 1)കുട്ടികളെ ചരിത്ര ബോധമുള്ളവരാക്കുക | ***കാടും മേടും:*** ചരിത്രപ്രധാനമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു ***വയൽക്കിളികൾ***: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക | നിശ്ചയിച്ച തീയതികളിൽ അക്കാദമിക വർഷം മുഴുവനായും നടത്തുക | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പഠന യാത്രകൾ സംഘടിപ്പിക്കുന്നു | | | |
| 2)ജനാധിപത്യം വളർത്തുക പൗരബോധം മൂല്യബോധം പരസ്പര സഹകരണം എന്നിവ വളർത്തുക | ഒന്നായി നമ്മൾ സ്കൂൾ പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷത്തിൽ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ | | സാമൂഹ്യശാസ്ത്ര അധ്യാപകർ കുട്ടികൾ സുമനസ്സുകൾ |
| 3) സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണനിരീക്ഷണം വളർത്തുക | സ്റ്റാർട്ടപ്പ് സാമൂഹ്യശാസ്ത്ര ലാബുകൾ ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | വർഷം മുഴുവനും | | പിടിഎ മാനേജ്മെന്റ് |
| 4) മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വ സർവ്വേ ലാബുകൾ | അക്കാദമിക വർഷം സാമൂഹ്യശാസ്ത്ര | | അധ്യാപകർ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ക്രിയാത്മകഥ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചർച്ചകൾ സംവാദം ക്ലാസ്സുകൾ അടി അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | | | |
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്നിവ ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികൾക്ക് പഠിക്കാൻ സാധിക്കുന്ന അറ്റ്ലസ് മാപ്പ് ഗ്ലോബ് എന്നിവ പരിചിതമാകുന്നു | വർഷം മുഴുവൻ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6) കുട്ടികളെ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന | സിനിമ റൂട്ട് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പൊതുവിജ്ഞാന മേഖല | അക്കാദമിക വർഷം മുഴുവൻ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| പൊതുവിജ്ഞാനം വളർത്തുക | പരിശോധിക്കുന്ന കിസ്സുകൾ ദിനാചരണം പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് ധാരണ നൽകുക വീഡിയോ പ്രദർശനം | | | |
| 7) മണ്ണ് കാറ്റ് ജലം സമുദ്രങ്ങൾ പർവ്വതങ്ങൾ എന്നിവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകൾ കണ്ടും കേട്ടും തൊട്ടറിഞ്ഞ പഠനം | അക്കാദമിക വർഷം മുഴുവൻ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |

**മേഖല : അക്കാദമിക്** **ഉപമേഖല : ENGLISH**

| **Objective** | **Activities** | **Period** | **Responsibility** |
|---|---|---|---|
| To develop strong skills in reading, writing, speaking and listening. | Daily reading practice (textbook & supplementary reader)<br><br>Weekly paragraph/essay writing task<br><br>Speaking practice through pair conversation<br><br>Listening comprehension using teacher-read passages<br><br>Class reading circle (students read aloud) | | TEACHER |
| To enhance vocabulary and grammar usage for correct communication. | Vocabulary notebook (5 new words every week)<br><br>Dictionary usage activity | | TEACHER |

| | | | |
|---|---|---|---|
| | Grammar worksheets (tenses, voice, prepositions etc.)<br><br>Word wall creation in classroom<br><br>Sentence-building games | | |

| | | | |
|---|---|---|---|
| To understand and appreciate different types of prose, poetry, and supplementary texts. | Text-based comprehension questions<br><br>Poem appreciation discussion<br><br>Story retelling from supplementary reader<br><br>Group activity: Identify theme/characters/mood<br><br>Critical thinking questions based on lessons | | TEACHER |
| To express ideas clearly and confidently in English. | Speech on simple topics (Daily/Weekly)<br><br>Picture description activity<br><br>Role-play based on textbook scenes | | TEACHER |

| | | | |
|---|---|---|---|
| | Group discussion on current topics<br><br>Peer interaction tasks (pair conversation) | | |
| To prepare students for exam-oriented questions and real-life language use. | Model question practice (writing + reading)<br><br>Reading comprehension test every month<br><br>Letter, notice, report writing practice<br><br>Real-life speaking activities (asking for directions, self-introduction, announcements)<br><br>Answering questions based on previous years' papers | | TEACHER |
| To promote activity-based, learner-centered English learning. | Group learning tasks | | TEACHER |

| | | | |
|---|---|---|---|
| | Pair work assignments<br><br>Activity cards (grammar, vocabulary, writing)<br><br>Classroom presentations<br><br>Creative writing workshops<br><br>Role-play and dramatization | | |

**മേഖല : അക്കാദമിക്** **ഉപമേഖല : I C T**

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1)ഡിജിറ്റൽ സാഹിത്യബോധം വളർത്തുക എല്ലാ വിദ്യാർത്ഥികളും അടിസ്ഥാന കമ്പ്യൂട്ടർ, ഇന്ററർനെറ്റ്, ഓൺലൈൻ സുരക്ഷാ ബോധം നേടുക. | | Smart Classroom Implementation എല്ലാ ക്ലാസ്സുകളിലും പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ്, ലാപ്ടോപ്പ് മുതലായവ ഉപയോഗിച്ച് ICT അധിഷ്ഠിത പാഠങ്ങൾ നടത്തുക. | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |
| 2) പഠനത്തിൽ ICT ഉൾപ്പെടുത്തുക. അധ്യാപകർ പാഠപുസ്തക വിഷയങ്ങൾ ICT ഉപകരണങ്ങൾ (Smart Class, Projector, YouTube, | | ICT Club Formation വിദ്യാർത്ഥികൾക്കായി “ICT Club” രൂപീകരിക്കുക – ടെക് ആക്ടിവിറ്റികൾ, ക്വിസ്, പോസ്റ്റർ | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |

| | | | | | |
|---|---|---|---|---|---|
| PowerPoint മുതലായവ) ഉപയോഗിച്ച് പഠിപ്പിക്കുക. | | പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുക. | | | |
| 3) e-Learning സംസ്കാരം വികസിപ്പിക്കുക…Samagra Shiksha Portal, e-resources, DIKSHA, Moodle, Google Classroom തുടങ്ങിയ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുക. | | Teacher Digital Training Program അധ്യാപകർക്ക് ICT ആപ്ലിക്കേഷനുകൾ (Google Slides, Canva, Kahoot, Quizizz മുതലായവ) ഉപയോഗിച്ച് പഠനസാമഗ്രികൾ തയ്യാറാക്കാൻ പരിശീലനം നൽകുക. | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |
| 4) സൃഷ്ടിപരതയും Presentation കഴിവും വികസിപ്പിക്കുക… വിദ്യാർത്ഥികൾക്ക് സ്വന്തം പ്രെസന്റേഷനുകൾ, | | Student ICT Projects 8–10 ക്ലാസ്സുകളിലെ കുട്ടികൾക്ക് “ICT Integration Projects” — ഉദാ: “Science in Slides”, “Digital | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |

| | | | | | |
|---|---|---|---|---|---|
| വീഡിയോ ക്ലിപ്പുകൾ, ഡിജിറ്റൽ പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കാൻ പ്രേരണം നൽകുക. | | Newspaper", "Online Quiz Creation" തുടങ്ങിയവ. | | | |
| 5) ഡിജിറ്റൽ മൂല്യബോധം വളർത്തുക.. ഓൺലൈൻ ഉത്തരവാദിത്തവും സുരക്ഷിത ഡിജിറ്റൽ പെരുമാറ്റവുമെല്ലാം വിദ്യാർത്ഥികൾ ഉൾക്കൊള്ളുക. | | Online Learning Resources Integration<br>Samagra, DIKSHA, തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ നിന്നുള്ള പാഠങ്ങൾ ഉപയോഗിച്ച് blended learning നടപ്പിലാക്കുക. | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |
| 6) അധ്യാപക ഡിജിറ്റൽ പ്രാവീണ്യം ഉറപ്പാക്കുക...<br>ICT അധിഷ്ഠിത പരിശീലനങ്ങൾ (training | | ICT Exhibition / Digital Week<br>ഓരോ വർഷവും "Digital Literacy Week" അല്ലെങ്കിൽ "Tech Fest" സംഘടിപ്പിച്ച് | അക്കാദമിക വർഷം മുഴുവൻ | | ICT TEACHER |

| | | | | | |
|---|---|---|---|---|---|
| sessions) വഴി അധ്യാപകരുടെ ഐസിടി കഴിവുകൾ മെച്ചപ്പെടുത്തുക. | | വിദ്യാർത്ഥികളുടെ ഡിജിറ്റൽ പ്രോജക്റ്റുകൾ പ്രദർശിപ്പിക്കുക.<br><br>Digital Record Keeping<br><br>ഹാജർ, മാർക്ക് എൻട്രി, പ്രോഗ്രസ് കാർഡ് എന്നിവ അല്ലെങ്കിൽ Google Sheet വഴി ഡിജിറ്റലായി സൂക്ഷിക്കുക. | | | |

# ഉപസംഹാരം

FOHSS പടിഞ്ഞാറ്റുമുറിയിലെ അക്കാദമിക് മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി രൂപപ്പെടുത്തിയ സമഗ്രമായ വിദ്യാഭ്യാസ ദൗത്യരേഖയാണ്. ഈ പദ്ധതിയിലൂടെ സ്കൂളിലെ എല്ലാ വിഷയങ്ങളിലെയും പഠനമികവിനും ഗുണനിലവാരത്തിനും പുതുചൈതന്യം നൽകുകയാണ് ലക്ഷ്യം. അധ്യാപകരുടെ നവീന അധ്യാപനരീതികളും, സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗങ്ങളും, വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തവും ഉൾക്കൊണ്ട് തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന്റെ പഠനസംസ്കാരത്തെ കൂടുതൽ സജീവവും സൃഷ്ടിപരവുമായതാക്കുന്നു. മലയാളം, ഇംഗ്ലീഷ്, അറബി, ഹിന്ദി, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, ഗണിതം, ഐസിടി തുടങ്ങിയ വിഷയങ്ങളിലുടനീളം നവീകരണപരമായ പദ്ധതികൾ നടപ്പിലാക്കി, കുട്ടികളിൽ ആത്മവിശ്വാസവും അന്വേഷണ മനോഭാവവും വളർത്തുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഈ പദ്ധതിയുടെ പ്രാവർത്തികവത്കരണത്തിലൂടെ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് സ്കൂളിനെ ഗുണനിലവാരപഠനത്തിന്റെ മാതൃകാ കേന്ദ്രമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിദ്യാലയത്തിന്റെ ഭാവി വളർച്ചക്കും വിജ്ഞാനസമ്പുഷ്ടമായ സമൂഹം നിർമ്മിക്കുന്നതിലും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വഴികാട്ടിയായി നിലനിൽക്കട്ടെ.

ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ വിജയകരമായ പ്രാവർത്തികവത്കരണത്തിനായി എല്ലാ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.